കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ് – സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി – "ശരണബാല്യം" പദ്ധതി - 2026-27 സാമ്പത്തിക വർഷത്തിലെ തുടർ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന (സി) വകുപ്പ്

**G.O.(Rt)No.298/2026/WCDD** **Dated,20/08/2026**

എ.എസ് നമ്പർ : AS/WCD/26/52380 കാലാവധി : 31/03/2027

പരാമർശം:- 1. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 20.07.2026-ലെ DWCD/2122/2026–ICPS 11 നമ്പർ കത്ത്
2. 24.07.2026-ലെ വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്

<u>ഉത്തരവ്</u>

ബാലവേല, ബാലഭിക്ഷാടനം, തെരുവിൽ കഴിയുന്ന കുട്ടികൾ, കുട്ടിക്കടത്ത് തുടങ്ങിയ പ്രശ്നങ്ങൾ തടയുന്നതിനും അപകടസാഹചര്യങ്ങളിലുള്ള കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനുമായി വനിതാ-ശിശു വികസന വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖേന നടപ്പിലാക്കി വരുന്ന "ശരണബാല്യം" പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 69,12,400/- (അറുപത്തിയൊമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) 2235–02–102–36–(P) 02 എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി സാമ്പത്തിക വിശകലനം സഹിതം വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

<u>സാമ്പത്തിക വിശകലനം</u>

| Budget head | Split up | Total |
|---|---|---|
| Salary for rescue officers | 23,360 × 17 × 12 | 47,65,440/– |
| TA for rescue officers | 1,470 × 14 × 12 | 2,46,960/– |
| Drive, rescue, & repatriation | 50,000 × 14 | 7,00,000/– |
| Administrative Expense | | 5,00,000/– |
| DNA test & Emergency medical support | | 7,00,000/– |
| **Total** | | **69,12,400/-** |

AS/WCD/26/52380

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-102-36-02-00-0-P-V | 69,12,400 | AS/WCD/26/52380 | 2027-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ശരണബാല്യം പദ്ധതി | 69,12,400 |
| ആകെ (അറുപത്തി ഒൻപത് ലക്ഷത്തിപന്ത്രണ്ടായിരത്തി നാന്നൂറ് രൂപ) | | **69,12,400** |

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ 24.07.2026-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, ശരണബാല്യം പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 2235–02–102–36–(P)–02 എന്ന ശീർഷകത്തിൽ നിന്നും 69,12,400/- രൂപ (അറുപത്തിയൊമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) വിനിയോഗിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/26/52380

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ്

To
ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:13:37 +05:30